പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ തന്നാണ്ട് 73.64 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

അംഗൻവാടികളുടെ പ്രവർത്തനം

51 (2107)ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിലായി എത്ര അംഗനവാടി വർക്കർമാരും ഹെൽപ്പർമാരും ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ബ്ലോക്കുകളാണ് ഐ.സി.ഡി.എസ് ബ്ലോക്കുകളായി തിര ഞ്ഞെടുത്ത് പ്രവർത്തനമാരംഭിച്ചിട്ടുള്ളത്;

(സി) അംഗൻവാടി വർക്കർമാരെ തിരഞ്ഞെടുക്കുമ്പോൾ പ്രീ-പ്രൈ മറി ടീച്ചേഴ്സ് ട്രെയിനിംഗ് ഉള്ള ഉദ്യോഗാർത്ഥികൾക്ക് പ്രത്യേക വെയിറ്റേ ജ്മാർക്ക് കൊടുക്കാത്തത് ഒരു ന്യൂനതയായി ഗവൺമെന്റ് കരുതുന്നുണ്ടോ;

(ഡി) ട്രെയിനിംഗ് പാസ്സായവർക്ക് ഇന്റർവ്യൂവിൽ വെയിറ്റേജ്മാർക്ക് കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ 16311 വർക്കർമാരും അത്രയുംതന്നെ ഹെൽപ്പർമാരും നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) 120 ബ്ലോക്കുകൾ

(സി)&(ഡി) അംഗൻവാടി വർക്കർമാർ ഓണറി ജീവനക്കാരാണ്. പത്താം ക്ലാസ് പാസ്സായവരും സേവന തൽപ്പരരും പ്രാദേശികവുമായിട്ടുള്ളവ രെയുമാണ് വർക്കറായി നിയമിക്കുന്നത്. ഐ.സി.ഡി.എസ് മാനുവലിൽ പ്രതിപാദിക്കുന്ന പ്രകാരമാണ് നിയമനം നടത്തുന്നത്. അംഗൻവാടി വർക്കർമാരായി നിയമിച്ചതിനുശേഷം അവർക്ക് 3 മാസം നീണ്ടു നിൽക്കുന്ന പ്രത്യേക ട്രെയിനിംഗ് നൽകുന്നതിനാൽ പ്രീ-പ്രൈമറി കഴിഞ്ഞവർക്ക് പ്രത്യേകം മാർക്ക് നൽകുവാൻ നിർവ്വാഹമില്ല.

അംഗനവാടി വർക്കർമാർക്കുള്ള വേതനം

52 (2108)ശ്രീ. എ. കണാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അംഗൻവാടി വർക്കർമാർക്ക് പ്രതിമാസം എത്ര രൂപയാണ് വേതനം നൽകി വരുന്നത്;

(ബി) അവരുടെ ജോലിക്ക് അർഹതപ്പെട്ട വേതനം ലഭിക്കുന്നില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അംഗൻവാടി വർക്കർമാർക്കും ആയമാർക്കും വേതന പരിഷ്ക്ക രണം നടപ്പിലാക്കുവാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly